ല ൂ ക്ക ാ 1 : 2 6 – 3 8

**2023 ഡിസംബർ 10**

## വചനസന്ദേശം

**ഫാ. ബിന്റോ കോയിക്കര**

# എളിമയുടെ സുവിശേഷം

മനുഷ്യന്റെ കൺവെട്ടത്തുനിന്നും അകന്ന് വിദൂരതയിൽ നിലനിൽക്കുന്ന ഒരു ദൈവിക സങ്കൽപ്പത്തെ തച്ചുടച്ച് മനുഷ്യനു ഗോചരമായ മജ്ജയും മാംസവുമുള്ള ഒരു മനുഷ്യപ്രകൃതിയിലേക്ക് ചുവടുമാറ്റം നടത്തുന്ന ഒരു ദൈവത്തെ കണ്ടുമുട്ടുന്ന ഇടമാണ് മംഗളവാർത്താക്കാലം; ശുഭകരമായ വാർത്തയുടെ പ്രസാദകാലം. ആ വാർത്ത എത്തപ്പെട്ട ഇടത്തിൽ അത് ശുഭകരമായിരുന്നോ എന്നുള്ള ചോദ്യത്തിന് രക്ഷാകരചരിത്രത്തിലെ മറിയത്തിന്റെ സ്ഥാനമാണ് ഉത്തരമായി മാറുന്നത്.

മംഗളവാർത്താക്കാലം എളിമയുടെ പ്രത്യക്ഷമായ പ്രഘോഷണമാണ് എന്നു പറയാനാകും... അതോടൊപ്പം മനുഷ്യമഹത്വത്തിന് ദൈവികമായ അംഗീകാരമുണ്ടെന്ന് മനുഷ്യരാശിയെ പഠിപ്പിക്കുന്ന ഒരു പാഠഭേദം കൂടിയാണ്.

ദൈവത്തിന്റെ മാലാഖമാരിൽ ഒരാളായ ഗബ്രിയേൽ ദൂതൻ ഗലീലിയിൽ അത്ര പ്രസിദ്ധമല്ലാത്ത നസറത്ത് എന്ന പട്ടണത്തിൽ കന്യകയായ മറിയത്തിന്റെ അടുക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെടുന്നു. തന്റെ ആദ്യത്തെ വാക്കുകൾ അഭിവാദനത്തിന്റെയും അംഗീകാരത്തിന്റെയും ആദരവിന്റെയും എളിമയുടെയും വാക്കുകളാണ്. 'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടു കൂടെ...' ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയ മറിയത്തെ ആദരിക്കുന്ന പ്രമുഖനായ ഗബ്രിയേൽ ദൂതൻ. യഹൂദപാരമ്പര്യത്തിൽ ന്യായവിധിയുടെ മാലാഖയായും ക്രിസ്തീയ പാരമ്പര്യത്തിൽ കരുണയുടെയും മനുഷ്യാവതാരത്തിന്റെയും മാലാഖയായും അറിയപ്പെടുന്ന ദൈവത്തിന്റെ ശക്തിയെ ധ്വനിപ്പിക്കുന്ന നാമധാരിയായ ഗബ്രിയേൽ ദൂതൻ മറിയത്തിന്റെ മനുഷ്യമഹത്വത്തെ അംഗീകരിക്കുന്നു. ദൈവപുത്രന്റെ അമ്മയാകുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മറിയം ഇസ്രായേൽ ജനതയുടെ, സഭയുടെ, സ്വർഗത്തിന്റെ, അമ്മമഹാറാണിയാണ്. സ്വർഗീയ ശ്രേണിയിൽ ഒരു സാധാരണ യഹൂദസ്ത്രീയായ മറിയത്തിന് കൈവന്ന സ്ഥാനലബ്ദിയെ അങ്ങേയറ്റം ആദരവോടെയും ബഹുമാനത്തോടെയും പരിഗണിക്കുന്ന ദൈവത്തിന്റെ സന്ദേശവാഹകനായ ഗബ്രിയേൽ ദൂതൻ മംഗളവാർത്തക്കാലത്തിന്റെ പൊരുളെന്താണെന്ന് മാനവലോകത്തിന് വെളിപ്പെടുത്തുകയാണ്.

എളിമയുടെ സുവിശേഷം ജീവിക്കുന്നവർക്ക് ദൈവസന്നിധിയിൽ കൃപ കണ്ടെത്താൻ സാധിക്കുമെന്ന പൊരുളാണത്. ദൈവംതന്നെ തന്റെ സ്വർഗീയമഹത്വം ഉപക്ഷിച്ച് മണ്ണിന്റെ മണമുള്ള മനുഷ്യനായി ഭൂമിയിൽ അവതരിക്കാൻ തീരുമാനിക്കുന്നുവെങ്കിൽ മംഗളവാർത്തക്കാലത്തിന്റെ പൊരുൾ എളിമയിൽ അധിഷ്ഠിതമല്ലാതെ വരുമോ...

ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെടുമ്പോൾ ദാനിയേലിനോട് ഇപ്രകാരം പറയുന്നുണ്ട് (ദാനി. 10:12) നീ നിന്റെ ദൈവത്തിന്റെ മുൻപിൽ നിന്നെത്തന്നെ എളിമപ്പെടുത്താൻ തുടങ്ങിയ ദിവസം മുതൽ നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. ന്യായാധിപന്മാരുടെ പുസ്തകത്തിൽ യോവാഷിന്റെ പുത്രനായ ഗിദെയോന് ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടിട്ട് ഇസ്രായേൽക്കാരെ മിദിയാൻകാരുടെ കരങ്ങളിൽനിന്നു മോചിപ്പിക്കാൻ സർവശക്തിയോടുംകൂടെ പോകാൻ ആവശ്യപ്പെടുമ്പോൾ ഗിദെയോൻ തന്റെ വംശത്തിന്റെ ദുർബലതയും തന്റെ തന്നെ നിസ്സാരതയും ദൂതന്റെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട് (ന്യായ. 6:11–16). അപ്പോൾ ദൂതൻ കർത്താവിന്റെ സ്വരമായി ഗിദെയോനോടു പറയുന്നുണ്ട്, ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഒറ്റയാളെയെന്നപോലെ മിദിയാൻകാരെ നീ നിഗ്രഹിക്കും...

'ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി! കർത്താവ് നിന്നോടു കൂടെ' എന്ന് ദൂതൻ അറിയിക്കുമ്പോൾ മറിയം അസ്വസ്ഥയാവുന്നുണ്ട്, തനിക്കുനേരെയുള്ള ഈ അഭിവാദനത്തിന്റെ അർത്ഥം എന്താണെന്നാണ് അവൾ ചിന്തിച്ചത്. തനിക്കുമുമ്പിലേക്ക് അയയ്ക്കപ്പെട്ട ദൈവദൂതന്റെ വിശ്വാസ്യതയെ സംശയിക്കുന്ന ചിന്തയായിരുന്നില്ല അത്, മറിച്ച് വിവേകം തേടുന്ന വിശ്വാസത്തിന്റെ ഒരു ആന്തരികഭാവമായിരുന്നു. എളിമയോടെയും ഭക്തിയോടെയും ദൈവദൂതന്റെ അധരങ്ങളിലൂടെ മൊഴിയപ്പെട്ട ദൈവവചനങ്ങളെക്കുറിച്ചുള്ള ധ്യാനമായിരുന്നു മനുഷ്യാവതാരം ചെയ്യപ്പെടാൻ പോകുന്ന ദൈവവചനത്തിന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ട മറിയം നടത്തിയത്. ദൈവത്തിന്റെ അരുളപ്പാട് കേട്ട ശേഷം ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയായ മറിയം ദൂതനോടു പറയു

ന്നുണ്ട്, ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ... അപ്രമാണിക ഗ്രന്ഥമായ വി. യാക്കോബിന്റെ സുവിശേഷപ്രകാരം മറിയത്തിന്റെ അമ്മയായ അന്ന മറിയത്തെ ദൈവത്തിനായി സമർപ്പിക്കുന്നുണ്ട്; മറിയത്തിന്റെ കന്യകാത്വം ദൈവത്തിനായി പവിത്രീകരിക്കപ്പെടുന്ന ഒരു വിശുദ്ധമുഹൂർത്തം. താൻ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്ന അരുളപ്പാട് ദൈവസന്നിധിയിൽ സമർപ്പണം ചെയ്യപ്പെട്ട തന്റെ ജീവിതത്തിന് പ്രതികൂലമാകുമോ എന്ന ചിന്ത മറിയത്തെ അലട്ടിയിട്ടുണ്ടാകാം. പരിശുദ്ധാത്മാവായ ദൈവത്തിന്റെ ശക്തിയാൽ ദൈവത്തിന്റെ ഇടപെടലിനാൽ തന്നിലൂടെ പരിശുദ്ധനായ ദൈവപുത്രൻ പിറക്കാൻ പോകുന്നുവെന്ന് കേൾക്കുമ്പോൾ മറിയം പ്രതികരിക്കുന്നു: 'ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ...' എളിമയോടെ ദൈവത്തിന്റെ വാക്ക് തന്നിലൂടെ നിവൃത്തിയാകുവാൻ ശിരസ്സു നമിക്കുന്ന മറിയം മംഗളവാർത്തക്കാലത്തിന്റെ യഥാർത്ഥ സന്ദേശമാണ്.

ഒരിക്കൽ ഒരു ആശ്രമശ്രേഷ്ഠനെ കാണാൻ ഒരു യുവാവ് ആശ്രമത്തിലേക്കു വന്നു. സ്വീകരണമുറിയിൽ ആശ്രമത്തിലെ പതിവനുസരിച്ച് ഗുരുവിനെ കാണാൻ വരുന്നവർ നിലത്തിരിക്കണം, അതിനാൽത്തന്നെ ആ മുറിയിൽ ആകെക്കൂടി ഗുരുവിനിരിക്കാൻ ഒരു കസേരമാത്രം. ഗുരു മുറിയിലേക്കു വന്നപ്പോൾ കാണുന്ന കാഴ്ച സന്ദർശകനായ യുവാവു ഗുരുവിനായി കരുതിയിരുന്ന കസേരയിൽ ഇരിക്കുന്നു. ഗുരുവിന്റെ ഒപ്പം വന്ന ശിഷ്യൻ ആ യുവാവിനോടു കയർത്തു; എന്തുകൊണ്ട് താങ്കൾക്ക് നിലത്ത് ഗുരുവിന്റെ അരികിൽ ഇരുന്നു കൂടാ...

യുവാവു പറഞ്ഞു: അതിഥിയെ ദൈവമായി കണ്ടില്ലെങ്കിലും അടിമയായി കാണാതിരുന്നു കൂടെ.

എന്തോ വെളിപാടു കിട്ടിയാലെന്നവണ്ണം ഗുരു ഉടനെ നിലത്ത് ആ യുവാവിന്റെ അരികെ ഇരുന്നുകൊണ്ട് ശിഷ്യനോടു പറഞ്ഞു: ''ഇനി മുതൽ ആശ്രമത്തിലെ സ്വീകരണമുറിയിലെ ക്രമം ഇപ്രകാരമായിരിക്കും. അതിഥി കസേരയിലും ഗുരുവായ ഞാൻ നിലത്തും.''

കസേരയ്ക്കുവേണ്ടി, ഇരിപ്പിടം ഉറപ്പിക്കുന്നതിനുവേണ്ടി അക്രമഭക്തി പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ ഇതുപോലുള്ള മംഗളവാർത്ത ആശയങ്ങൾ ക്രമങ്ങളായി രൂപപ്പെട്ടിരുന്നുവെങ്കിൽ... എളിമയുടെ സുവിശേഷം വചനത്തിന്റെ താളുകളിൽനിന്നും ജീവിതത്തിന്റെ പ്രായോഗികതയിലേക്ക് ആവേശിക്കട്ടെ... പരിശുദ്ധാത്മാവ് ആവേശിക്കുക എന്നു പറഞ്ഞാൽ എളിമയുടെ, ലാളിത്യത്തിന്റെ, ജീവിതശൈലിക്കുടമയാകുക എന്നൊരു വ്യാഖ്യാനം കൂടി ഈ നൂറ്റാണ്ടിൽ അനുയോജ്യമാകുമെന്നു തോന്നുന്നു. എ